# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :25/03/2020


## കൊവിഡ്-19 . ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ചതിന് കൊല്ലം സിറ്റി പോലീസ് പരിധിയിൽ 170 കേസുകൾ രജിസ്റ്റർ ചെയ്തു.

കൊല്ലം : സർക്കാർ ഏർപ്പെടുത്തിയ **"ലോക് ഡൗൺ"** നിബന്ധനകൾ പാലിക്കാതെയും നിർദേശങ്ങൾ അവഗണിച്ചും നിരത്തിലിറങ്ങുകയും കൂട്ടം കൂടുകയും ചെയ്തതിന് സിറ്റിയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി ഇന്ന് **210** കേസുകൾ കൂടി രജിസ്റ്റർ ചെയ്യുകയും 180 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇന്നലെ **105** കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു.അഴീക്കൽ ഹാർബറിൽ നിരോധനം ലംഘിച്ച് കൂട്ടം കൂടിയ 16 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും 4 പേരെ അറസ്റ്റ് ചെയ്യുകയും സർക്കാർ നിർദേശങ്ങൾ ലംഘിച്ച് പൊതുനിരത്തിലിറങ്ങിയ കാർ മോട്ടോർ സൈക്കിൾ ,ഓട്ടോറിക്ഷ തുടങ്ങി **195** ഓളം വാഹനങ്ങൾ പിടിച്ചെടുത്തു. ചെറുതും വലുതുമായ എല്ലാ കവലകളിലും പോലീസ് പിക്കറ്റ് സ്ഥാപിക്കുകയും പോലീസ് പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് അനുവദിച്ചിട്ടുള്ള പ്രവർത്തന സമയപരിധി വ്യപാര സ്ഥാപനങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദേശം നൽകിയിട്ടുണ്ട്. നിർദേശങ്ങൾ ലംഘിച്ച് നിരത്തുകളിൽ വാഹനങ്ങൾ ഇറക്കുന്നവർക്കെതിരെയും പൊതുസ്ഥലങ്ങളിൽ അനാവശ്യമായി കൂട്ടം കൂടുന്നവർക്കെതിരെയും കർശന നിയമ നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണെന്ന് സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.